## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 57 08/02/2016 ന് മറുപടിക്ക്

**<u>പേഴ്സണൽ സ്റ്റാഫ് നിയമനത്തിനായുള്ള സ്പെഷ്യൽ റൂൾസ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്തെ മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ നേരിട്ടും വിവിധ ബോർഡ്, കോർപ്പറേഷൻ എന്നിവയിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഈ നിയമപ്രകാരം വിവിധ വകുപ്പ്, കോർപ്പറേഷൻ എന്നിവയിൽ നിന്നും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവരുടെ കാര്യത്തിൽ അതു സാധാരണ ഡെപ്യൂട്ടേഷൻ നിയമനമായി കണക്കാക്കുന്നതു കൊണ്ട് അവർക്ക് സ്പെഷ്യൽ റൂൾസിൽ വിവക്ഷിക്കുന്ന സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | ബി)യും സി)യും | നിലവിലുള്ള നിയമപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർക്ക് മാതൃവകുപ്പിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാണ് ലഭിക്കുക. പേഴ്സണൽ സ്റ്റാഫിനായുള്ള സ്പെഷ്യൽ റൂൾസിൽ ഡെപ്യൂട്ടേഷൻ പ്രകാരം ജോലി ചെയ്യുന്നവർക്ക് പ്രത്യേകം ആനുകൂല്യങ്ങളൊന്നും വിവക്ഷിക്കുന്നില്ല. പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | ഇക്കാര്യം പരിശോധിച്ച് പേഴ്സണൽ സ്റ്റാഫിലെ നിയമനങ്ങളും സേവനവും അതിനുള്ള സ്പെഷ്യൽ റൂൾസ് പ്രകാരമായി മാത്രം നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ